**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ് വകുപ്പിന്റെ 03.07.21-ലെ GO(Ms)32/2020/AYUSH ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഓരോ ജില്ലയിലും സൊസൈറ്റികൾ രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കാമോ; | (എ) | 03.07.2020-ലെ GO(Ms) No.30/2020/AYUSH പ്രകാരം 14 ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ക്രമ നം. ജില്ല രജിസ്ട്രേഷൻ തീയതി 1. കാസർഗോഡ് 13.07.2021 2. കണ്ണൂർ 16.09.2020 3. കോഴിക്കോട് 29.06.2021 4. വയനാട് 30.06.2021 5. മലപ്പുറം 23.09.2020 6. പാലക്കാട് 09.09.2020 7. തൃശ്ശൂർ 19.07.2021 8. എറണാകുളം 07.04.2021 9. ഇടുക്കി 28.04.2021 10. കോട്ടയം 14.07.2021 11. ആലപ്പുഴ 26.08.2020 12. പത്തനംതിട്ട 30.06.2021 13. കൊല്ലം 07.07.2021 14 തിരുവനന്തപുരം 26.08.2020 |
| (ബി) | ഓരോ ജില്ലയിലും ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ മെമ്പർ സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നാഷണൽ ആയുഷ് മിഷനിലെ ജില്ലാ പ്രോഗ്രാം മാനേജർമാരെയാണ് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ മെമ്പർ സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ളത്. നിലവിൽ ഏഴ് ജില്ലാ പ്രോഗ്രാം മാനേജർമാരെയാണ് നിയമിച്ചിട്ടുള്ളത്. ഓരോ ജില്ലാ പ്രോഗ്രാം മാനേജർക്കും മറ്റൊരു ജില്ലയുടെ അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. |
| (സി) | ഈ സൊസൈറ്റികളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ആയുഷിന് കീഴിലുള്ള ഏതെല്ലാം ചികിൽസ രീതികളാണ് സൊസൈറ്റിക്ക് കീഴിൽ വരിക എന്നറിയിക്കാമോ; | (സി) | നോൺ കമ്മ്യൂണിക്കൽ ഡിസീസ് (NCD), റീപ്രൊഡക്റ്റീവ് ആൻഡ് ചൈൽഡ് ഹെൽത്ത്, മാനസികാരോഗ്യം, പാലിയേറ്റീവ് കെയർ, ജിറിയാട്രിക് കെയർ, അന്ധതാ നിവാരണം തുടങ്ങിയ മുൻഗണന മേഖലകളിൽ പ്രത്യേക ഊന്നൽ നൽകി കൊണ്ട് ആയുഷ് പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കാൻ ആയുഷ് വകുപ്പിനെ സഹായിക്കുക, വിവിധ ആയുഷ് സ്പെഷ്യാലിറ്റികൾ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, നിലവിലെ ആയുഷ് സ്ഥാപനങ്ങളുടെ സേവനവും, അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക, ആയുഷ് ഔഷധ സസ്യ കൃഷിയുടെ പ്രോത്സാഹനം, ആയുഷ് മരുന്നുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | ആയുർവ്വേദം. ഹോമിയോപ്പതി, സിദ്ധ, യുനാനി, യോഗ ആന്റ് നാച്ചുറോപ്പതി എന്നീ ചികിത്സാ രീതികൾ ആണ് സൊസൈറ്റിയുടെ കീഴിൽ വരുന്നത്. |
| (ഡി) | ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; ഫണ്ടുകൾ അനുവദിക്കാത്തതുകാരണം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനായിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റിയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. സൊസൈറ്റികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ പ്രോഗ്രാം മാനേജരുടെയും, അക്കൗണ്ടിംഗ് ക്ലാർക്കിനെയും 7 ജില്ലകളിൽ ആദ്യപടിയായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് തൊട്ടടുത്ത ജില്ലകളിൽ അധിക ചുമതല നൽകിയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ സൊസൈറ്റി എന്ന രീതിയിൽ ആരംഭിച്ചിട്ടില്ല. |
| (ഇ) | സൊസൈറ്റികളുടെ പ്രവർത്തനലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ഇ) | ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റിയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. സൊസൈറ്റികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ പ്രോഗ്രാം മാനേജരുടെയും, അക്കൗണ്ടിംഗ് ക്ലാർക്കിനെയും 7 ജില്ലകളിൽ ആദ്യപടിയായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് തൊട്ടടുത്ത ജില്ലകളിൽ അധിക ചുമതല നൽകിയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ സൊസൈറ്റി എന്ന രീതിയിൽ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<table>
<tr>
<td>(എ)</td>
<td>ആയുഷ് വകുപ്പിന്റെ 03.07.21-ലെ GO(Ms)32/2020/AYUSH ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഓരോ ജില്ലയിലും സൊസൈറ്റികൾ രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കാമോ;</td>
<td>(എ)</td>
<td>03.07.2020-ലെ GO(Ms) No.30/2020/AYUSH പ്രകാരം 14 ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
<table>
<tr><th>ക്രമ നം.</th><th>ജില്ല</th><th>രജിസ്ട്രേഷൻ തീയതി</th></tr>
<tr><td>1.</td><td>കാസർഗോഡ്</td><td>13.07.2021</td></tr>
<tr><td>2.</td><td>കണ്ണൂർ</td><td>16.09.2020</td></tr>
<tr><td>3.</td><td>കോഴിക്കോട്</td><td>29.06.2021</td></tr>
<tr><td>4.</td><td>വയനാട്</td><td>30.06.2021</td></tr>
<tr><td>5.</td><td>മലപ്പുറം</td><td>23.09.2020</td></tr>
<tr><td>6.</td><td>പാലക്കാട്</td><td>09.09.2020</td></tr>
<tr><td>7.</td><td>തൃശ്ശൂർ</td><td>19.07.2021</td></tr>
<tr><td>8.</td><td>എറണാകുളം</td><td>07.04.2021</td></tr>
<tr><td>9.</td><td>ഇടുക്കി</td><td>28.04.2021</td></tr>
<tr><td>10.</td><td>കോട്ടയം</td><td>14.07.2021</td></tr>
<tr><td>11.</td><td>ആലപ്പുഴ</td><td>26.08.2020</td></tr>
<tr><td>12.</td><td>പത്തനംതിട്ട</td><td>30.06.2021</td></tr>
<tr><td>13.</td><td>കൊല്ലം</td><td>07.07.2021</td></tr>
<tr><td>14</td><td>തിരുവനന്തപുരം</td><td>26.08.2020</td></tr>
</table>
</td>
</tr>
</table>